# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4942 30/06/2014ൽ മറുപടിക്ക്

### എം.എൽ.എ.മാർക്ക് സർക്കാർ ഉത്തരവുകൾ നൽകാൻ നടപടി

ചോദ്യം :

ശ്രീ. പി. കെ. ബഷീർ

ഉത്തരം :

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

| ചോദ്യം | ഉത്തരം |
|---|---|
| (എ) എം.എൽ.എ.മാർ മുഖേന വിവിധ വകുപ്പുകളിൽ നൽകുന്ന അപേക്ഷകളിന്മേലുള്ള തീർപ്പുകൾ, മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ള സർക്കാർ ഉത്തരവുകൾ എന്നിവ ഇപ്പോൾ പല വകുപ്പുകളിൽ നിന്നും ലഭ്യമാകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) എങ്കിൽ എം.എൽ.എ.മാർ മുഖേന നൽകുന്ന വിവിധങ്ങളായ അപേക്ഷകളിൽ അപേക്ഷകനും എം.എൽ.എയ്ക്കും മറുപടി നൽകുന്നതിനും, സർക്കാർ ഉത്തരവുകൾ (മണ്ഡലവികസനത്തെ സംബന്ധിച്ചതും പൊതുവായതും) എം.എൽ.എ. മാർക്ക് തപാൽ മുഖേനയോ ഇ-മെയിൽ മുഖേനയോ കൃത്യമായി ലഭിക്കുന്നതിനും നടപടി സ്വീകരിക്കുമോ ; | (ബി) എം.പി/എം.എൽ.എ.മാരിൽനിന്നും ലഭിക്കുന്ന നിവേദനങ്ങൾ/കത്തുകൾ എന്നിവയ്ക്ക് മുന്തിയ പരിഗണന നൽകേണ്ടതും ഇത്തരം കത്തുകൾ ലഭിച്ചതായുള്ള വിവരം കാണിച്ച് താത്ക്കാലിക മറുപടിയും തീരുമാനമെടുത്ത ശേഷം അക്കാര്യം വിശദമാക്കിക്കൊണ്ട് അന്തിമ മറുപടിയും ജനപ്രതിനിധികൾക്ക് നൽകേണ്ടതാണ് എന്ന് 26.06.13-ലെ സർക്കുലർ നമ്പർ 11743/ഉപ.സി3/13/ഉഭപവ പ്രകാരം സർക്കാർ എല്ലാ വകുപ്പുമേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു കൂടാതെ ഓരോ നിയോജക മണ്ഡലത്തിലെയും വികസന പ്രവർത്തനങ്ങൾ സംബന്ധിച്ച എല്ലാ ഗവൺമെന്റ് ഉത്തരവുകളും ബന്ധപ്പെട്ട എം.എൽ.എ.മാരെ സമയബന്ധിതമായി അറിയിക്കാനും എല്ലാ വകുപ്പു തലവന്മാർക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) നിലവിൽ എല്ലാ സർക്കാർ ഉത്തരവുകളും പ്രത്യേകിച്ച് ജി.ഒ.(എം.എസ്), ജി.ഒ.(പി) എന്നിവ പി.ആർ.ഡിക്ക് പകർപ്പ് നൽകി അവരുടെ സൈറ്റിൽ ഇഷ്യൂ ചെയ്യുന്ന തീയതിയിൽ തന്നെ പ്രസിദ്ധീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) സർക്കാരിലെ ഓരോ വകുപ്പുകളും പുറപ്പെടുവിക്കുന്ന എല്ലാ ഉത്തരവുകളും അതാത് വകുപ്പുകളുടെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതാണെന്നും ഏതെങ്കിലും വകുപ്പിന് അപ്രകാരം നേരിട്ട് അപ്‌ലോഡ് ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ ടി ഉത്തരവുകളുടെ പകർപ്പുകൾ ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന് എത്തിക്കേണ്ടതാണെന്നും 03.08.2013-ലെ സർക്കുലർ നമ്പർ 17910/എ2/13/ഐ&പി.ആർ.ഡി പ്രകാരം സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ